**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2513** **12/02/2020-ൽ മറുപടിയ്ക്ക്**

# കേരള ബാങ്കിന് നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പാ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | റിസർവ് ബാങ്കിന്റെ എ റേറ്റിംഗ് ഉള്ള ഒൻപത് ജില്ലാ സഹകരണ ബാങ്കുകളും ബി റേറ്റിംഗ് ഉള്ള ആറ് ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിക്കുന്നത് ബി റേറ്റിംഗ് ഉള്ള കേരള സംസ്ഥാന സഹകരണ ബാങ്കിലാണോ; എങ്കിൽ കേരള ബാങ്കിന്റെ റേറ്റിംഗ് എന്താവും എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റേറ്റിംഗ് 'A' റേറ്റിംഗ് ആയാണ് ഉള്ളത്. |
| (ബി) | ദ്വിതല സംവിധാനത്തിലേക്ക് മാറ്റുമ്പോൾ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയാസ്തി ഉയർന്ന നിലവാരത്തിലേക്ക് മാറുകയോ മൂലധന പര്യാപ്തത ഒൻപത് ശതമാനത്തിൽ താഴെ വരികയോ പ്രവർത്തനഫലം നഷ്ടത്തിലാവുകയോ ചെയ്യുമ്പോൾ നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പാ സഹായം കേരളത്തിന് ലഭിക്കാതെ വരുമോ; വിശദമാക്കാമോ; | (ബി) | **2019-20** സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് നബാർഡിൽ നിന്ന് പുനർവായ്പാ സഹായം ലഭിക്കുന്നുണ്ട്. **31.03.2020**-ലെ നിഷ്ക്രിയ ആസ്തിയും മൂലധന പര്യാപ്തതയും കണക്കിലെടുത്തായിരിക്കും **2020-21** ലെ നബാർഡിന്റെ പുനർവായ്പ സഹായം ലഭിക്കുന്നത്. |
| (സി) | പ്രാഥമിക സഹകരണ ബാങ്കുകളും അർബൻ ബാങ്കുകളും ഒഴികെയുള്ള മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ ഉള്ള ഓഹരികൾ തിരികെ നൽകിയോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിലെ തീരുമാനം എന്താണ്; വിശദവിവരം നൽകുമോ? | (സി) | ബാങ്കിന്റെ ബൈലോ വ്യവസ്ഥകൾ അനുസരിച്ച് **PACS**-ഉം അർബൻ ബാങ്കുകളും ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് **Nominal/Associate** അംഗങ്ങൾ എന്ന നിലയിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഓഹരികൾ നിലനിർത്താൻ സാധിക്കും. |

സെക്ഷൻ ഓഫീസർ.